പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1125** **04.02.2019-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മലയോര ഹൈവേകളുടെ വികസനത്തിൽ എത്ര ശതമാനം പുരോഗതി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര ഹൈവേയുടെ നിർമ്മാണത്തിൽ എടുത്തു പറയത്തക്ക രീതിയിൽ ഉള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 3500 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നം.942/2017/പി.ഡബ്ല്യു.ഡി, തീയതി 10/07/2017 പ്രകാരം 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകുകയും, തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുവാനും ഉത്തരവായി. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽ കൂടിയും മലയോര ഹൈവേ കടന്നു പോകുന്നുണ്ട്.<br>മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനായി 25 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. ഇതിൽ 17 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. ഇവയിൽ തിരുവനന്തപുരം ജില്ലയിലെയും, കൊല്ലം ജില്ലയിലെയും ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 2 പ്രവൃത്തികളും എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

സാമ്പത്തികാനുമതി ലഭിച്ച മറ്റു പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റീച്ചുകളിലാണ് ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) കാസർഗോഡ് ജില്ലയിലെ ചേവാർ - ഇടപ്പറമ്പ, കോളിച്ചാൽ- ചെറുപുഴ എന്നീ രണ്ടു റീച്ചുകളിലാണ് ഇനിയും പ്രവൃത്തികൾ ആരംഭിക്കാൻ അവശേഷിക്കുന്നത്.

സെക്ഷൻ ഓഫീസർ